**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2737** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി സ്വയംതൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ അംഗങ്ങൾ ഉള്ള സ്വയം സഹായ സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേക്കായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിലും ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) | I. സ്വയം തൊഴിൽ സബ്സിഡി പദ്ധതി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ (75%) അനുവദിക്കുന്നു. II. സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി. ഇതിന്റെ നോഡൽ ഏജൻസി കേരള സ്റ്റാർട്ടപ്പ് മിഷനാണ്. III.റിവോൾവിംഗ് ഫണ്ട് പദ്ധതി നൂതന ആശയമോ ഉൽപ്പന്നങ്ങളുടെ വികസനത്തിനോ അനുവദിക്കുന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയാണിത്. കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട്അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ട്അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ട്അപ്പ് ഡ്രീംസിൽ ലഭ്യമാണ്. 2016 മുതൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ